# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 632 — 29/05/2019 ൽ മറുപടിക്ക്

## ഖാദി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. പി.കെ. ശശി | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഖാദിഗ്രാമവ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി അവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; | (എ) സംസ്ഥാനത്ത് ഖാദി മേഖലയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ പദ്ധതിവിഹിതത്തിൽ ഏറ്റുകുടുക്ക സ്ലൈവർ പ്രോജക്ടിന്റെ ആധുനികവൽക്കരണത്തിനും, ഖാദി സഹകരണ സംഘങ്ങൾക്കും/ സ്ഥാപനങ്ങൾക്കും ധനസഹായത്തിനും, ഖാദി നൂൽ നൂല്പുകാർക്കും നെയ്ത്തുകാർക്കും ഉല്പാദന പ്രോത്സാഹനവും ഉത്സവബത്തയും വകുപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ സ്ഥാപനവും ശക്തിപ്പെടുത്തലിനും, ഖാദി ഗ്രാമം പദ്ധതി, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള വരുമാന പൂരക പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഖാദി ഉല്പാദന വിപണന രംഗത്ത് മുന്നേറ്റം കൈവരിക്കുന്നതിന്റേയും ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെയും ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചിലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി |

| | | | |
|---|---|---|---|
| | | | അനുവദിച്ചു നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി) ഗ്രാമീണ മേഖലയിൽ ബാങ്ക് വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിയിൽ മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 35% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. |
| (ബി) | പ്രസ്തുത മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഖാദി ഗ്രാമം എന്ന പേരിൽ നൂതന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (ബി) | ആരംഭിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഓരോ വർഷവും 1000 തൊഴിലവസരവും 5 വർഷം കൊണ്ട് ആകെ 5000 പേർക്ക് തൊഴിൽ നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ഖാദി ഗ്രാമം പദ്ധതി വിഭാവനം ചെയ്യുന്നത്. |
| (ഡി) | ഖാദി ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക വാണിജ്യമുദ്ര ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; | (ഡി) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ഖാദിമാർക്ക് വാണിജ്യമുദ്ര നിലവിലുണ്ട്. |
| (ഇ) | ഖാദി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | ഖാദി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ 14 ജില്ലാ ഓഫീസുകൾ മുഖാന്തിരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കൊണ്ട് പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി ഖാദി മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പടെ നൽകി കൊണ്ട് ഖാദി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ